2) ഇൻഡ്സോഫ്റ്റ് ഇൻഫോടെക് ടെക്നോ പാർക്ക്-തിരുവനന്ത പുരം

3) ടൂൺസ് ഇൻഡ്യ-ടെക്നോപാർക്ക്-തിരുവനന്തപുരം

4) ഡേറ്റാ വെയർ ഡിസൈൻസ് ലാബ്സ്-ടെക്നോ പാർക്ക്-തിരുവനന്തപുരം

5) ഫ്ളോട്ടൽസ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ്-തിരുവനന്തപുരം

6) യെൻകോ കോംപ്ലക്സ് പ്രൈവറ്റ് ലിമിറ്റഡ്- മലപ്പുറം.

7) മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡ്, എറണാകുളം.

(ഡി) സർക്കാരിൽ നിന്ന് ധനസഹായം ആവശ്യമില്ല.

(ഇ) ബാധകമല്ല.

ചെറുകിട വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

9(*479)ശ്രീ. എം. ദാസൻ :

ശ്രീ. സി.പി. ബാലൻ വൈദ്യർ :

ശ്രീ. എം.പി. വർഗ്ഗീസ് :

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നേരിടുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടിക ളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ലൈസൻസ് ലഭിക്കുന്നതിന് വളരെയേറെ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ;

(സി) ലൈസൻസ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം ഒഴിവാക്കുന്നതിന് ഏർപ്പെടുത്തിയ 'ഗ്രീൻചാനൽ' സമ്പ്രദായം ഇന്ന് നിലവി ലുണ്ടോ;

(ഇ) ഈ സമ്പ്രദായം ഫലപ്രദമായി പ്രവർത്തിപ്പിക്കുവാൻ ആവശ്യ മായ നിർദ്ദേശം നൽകുമോ;

(എഫ്)ചെറുകിട വ്യവസായങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

വ്യവസായവും സാമൂഹ്യക്ഷേമവവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ)

(എ) ചെറുകിട വ്യവസായങ്ങൾ നേരിടുന്ന പ്രയാസങ്ങൾക്ക് എളുപ്പ ത്തിൽ പരിഹാരം കാണുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രം ആസ്ഥാന മായി ഗ്രീൻ ചാനൽ ക്ലിയറൻസ് കമ്മിറ്റി എന്ന പേരിൽ ഒരു ഏകജാലക സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ വ്യവസായം ആരംഭിക്കുവാൻ ആവശ്യമായ ലൈസൻസുകൾ, ക്ലിയറൻസുകൾ എന്നിവ എളുപ്പത്തിൽ വ്യവ സായികൾക്ക് ലഭ്യമാക്കുന്നു. ഗ്രീൻചാനൽ കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

നിയമസാധുത ഇല്ലാത്തതിനാൽ അവയ്ക്ക് സ്റ്റാറ്റ്യൂട്ടറി അധികാരം നൽകുവാനുള്ള നടപടി എടുത്തുവരുന്നു. ജില്ലാകളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറും, വിവിധ ജില്ലാതല ഉദ്യോഗസ്ഥ മേധാവികൾ മെമ്പർമാരായുള്ള ഗ്രീൻചാനൽ കമ്മിറ്റി മാസംതോറും യോഗം ചേർന്ന് വ്യവസായികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ കൊച്ചിൻ എക്സ്പോർട്ട് പ്രോസസിംഗ് ലക്ഷ്യമാക്കി ഒരു ഗ്രീൻചാനൽ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ഇതിനായി രൂപീകരിച്ചിട്ടുള്ള ഗ്രീൻചാനൽ കമ്മിറ്റിക്ക് സ്റ്റാറ്റ്യൂട്ടറി അധികാരം നൽകി അവയുടെ തീരുമാനങ്ങൾക്ക് നിയമസാധുത ഉറപ്പാക്കി ലൈസൻസുകൾ എളുപ്പത്തിൽ നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഉണ്ട്.

(ഇ) ഇപ്പോൾതന്നെ ഇതിനുള്ള നിർദ്ദേശം നിലവിലുണ്ട്.

(എഫ്) പ്രത്യേക പരിഗണന ഇപ്പോൾ തന്നെ നിലവിലുണ്ട്.

ലാന്റ് ട്രിബ്യൂണലുകളുടേയും അപ്പലേറ്റ് അതോറിറ്റികളുടേയും പ്രവർത്തനം

10 (*480) ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ:

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ലാന്റ് ട്രിബ്യൂണലുകളുടേയും അപ്പലേറ്റ് അതോറിറ്റികളുടേയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ലാന്റ് ട്രബ്യൂണലുകളിലും അപ്പലേറ്റ് അതോറിറ്റികളിലുമായി ദീർഘനാളായി തീർപ്പാകാതെ കിടക്കുന്ന ഭൂമിസംബന്ധമായ എത്ര കേസ്സുകൾ ഉണ്ട് എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) തീർപ്പാകാതെ കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

റവന്യൂ വകുപ്പുമന്ത്രി ശ്രീ. (കെ.ഇ. ഇസ്മയിൽ).

(എ) സംസ്ഥാനത്തിന് നിലവിലുള്ള ലാന്റ് ട്രൈബ്യൂണലുകളുടേയും അപ്പലേറ്റ് അതോറിറ്റികളുടേയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ജസ്റ്റീസ് ശ്രീ. എസ്. രാജന്റെ നേതൃത്വത്തിൽ 3 റീജിയണനുകളിലായി അപ്പലേറ്റ് അതോറിറ്റിയുടേയും ലാന്റ് ട്രൈബ്യൂണലുകളുടെയും കോൺഫറൻസുകൾ വിളിച്ച് അവർക്ക് കേസുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഇതിനെത്തുടർന്ന് ഇവരുടെ പ്രവർത്തനം അവലോകനം നടത്തുന്നുമുണ്ട്. ഈ ആഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എല്ലാ ലാന്റ്

LIBRARY ARCHIVES Kerala Legislative Assembly